# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം
# നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4075
# 12/11/2019 ലെ മറുപടിക്ക്

**<u>മാവേലിക്കര നിയോജകമണ്ഡലത്തിലെ ടെൻഡർ സേവിംഗ്സ്</u>**

| **ചോദ്യം**<br>**ശ്രീ.ആർ. രാജേഷ്** | **ഉത്തരം**<br>**ഡോ.ടി.എം.തോമസ് ഐസക്ക്**<br>**(ധനകാര്യവും കയറും വകുപ്പ് മന്ത്രി)** |
|---|---|
| മാവേലിക്കര മണ്ഡലത്തിൽ ആസ്തി വികസന നിധിയിൽ 2014-15, 2015-16, 2016-17, 2017-18, 2018-19 എന്നീ വർഷങ്ങളിൽ എത്ര രൂപ ടെൻഡർ സേവിംഗ്സ് ഉണ്ടെന്നുള്ള വിവരം വർഷവും പ്രവൃത്തികളും തിരിച്ച് ലഭ്യമാക്കുമോ? | 04/08/2018 ലെ സ.ഉ(പി)നം. 119/2018/ധന പ്രകാരം ടെണ്ടർ സേവിംഗ്സ് വിനിയോഗിക്കുന്നതിന് 2017-18 സാമ്പത്തിക വർഷം മുതലാണ് പ്രാബല്യം നൽകിയിട്ടുള്ളത്. 2017-18 സാമ്പത്തിക വർഷം ശിപാർശ ചെയ്ത നിർമ്മാണ പ്രവൃത്തികളുടെ ഭരണാനുമതി ഉത്തരവിന് മൂന്ന് വർഷം വരെ കാലാവധി നൽകിയിട്ടുണ്ട്. ഓരോ എം.എൽ.എ യും അതാത് വർഷം ശിപാർശ ചെയ്യുന്ന എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചാൽ മാത്രമേ ആ വർഷം ടി എം.എൽ.എ യുടെ മണ്ഡലത്തിൽ എത്ര തുക ടെണ്ടർ സേവിംഗ്സ്/എക്സസ് ഇനത്തിൽ ഉണ്ടെന്ന് കണക്കാക്കുവാൻ സാധിയ്ക്കുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**